(ബി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷമായി ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(സി) പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആശ്വാസ സഹായം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ആശ്വാസ സഹായപദ്ധതി വിപുലീകരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ;

(എഫ്) എങ്കിൽ എപ്രകാരം വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ആശ്വാസ സഹായം നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് വർഷമായി ഓരോ വർഷവും ആശ്വാസ വേതനം നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

1996-97 - 12,21,625/- രൂപ 9773 പേർക്ക് 125/- രൂപ നിരക്കിൽ

1997-98 - 13,40,550/- രൂപ 8937 പേർക്ക് 150/-രൂപ നിരക്കിൽ

1998-99 - 10,63,800/- രൂപ 7092 പേർക്ക് 150/-രൂപനിരക്കിൽ

(സി) ഉണ്ട്.

(ഡി) 1. കശുവണ്ടി ഫാക്ടറി പൂട്ടിയിട്ട് ഒരു വർഷമെങ്കിലും ആയിരിക്കണം.

2. പ്രസ്തുത ഫാക്ടറികളിലെ തൊഴിലാളികൾക്ക് പി.എഫ്. കാർഡോ ഐഡന്റിറ്റി കാർഡോ ഉണ്ടായിരിക്കണം.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

12 (*465) എംപ്ലോയ്മെന്റ് യൂത്ത് അഡ്വൈസറി കമ്മിറ്റികൾ

ശ്രീ. പി.ജെ. ജോയി :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലത്തിൽ എംപ്ലോയ്മെന്റ് യൂത്ത് അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഇത്തരം കമ്മിറ്റികൾ രൂപീകരിച്ചു;

(സി) ഇത്തരം കമ്മിറ്റിയുടെ ഘടനയെന്താണ്;

(ഡി) ഈ കമ്മിറ്റികളുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ/ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ സെക്രട്ടറി-കം- കൺവീനറുമായ സമിതിയിൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾ നാമനിർദ്ദേശം ചെയ്യുന്ന ടി പാർട്ടികളുടെ യുവജന സംഘടനകളുടെ പ്രതിനിധികളും ഭാരതീയ ജനതാപാർട്ടിയുടെ (ദേശീയ പാർട്ടി) യുവജന സംഘടനയുടെ പ്രതിനിധിയും ഉൾപ്പെടുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ സീനിയോറിറ്റി തൊഴിൽരഹിത വേതന വിതരണം എന്നിവ സംബന്ധിച്ച് പരാതികൾ ചൂണ്ടികാണിക്കുകയെന്നതാണ് കമ്മിറ്റിയുടെ ഉദ്ദേശം. അതുപോലെ സ്വകാര്യമേഖലയിലും അർദ്ധ സർക്കാർ മേഖലയിലും ഉണ്ടാകുന്ന ഒഴിവുകൾ മെമ്പർമാർ ചൂണ്ടിക്കാണിക്കുകയും, ഒഴിവുകൾ അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് റിപ്പോർട്ട് ചെയ്യാൻ ഉദ്യോഗദായകരെയും ആറ് മാസത്തിൽ താഴെയുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുവാൻ ജില്ലാതല ഓഫീസർമാരെയും പ്രേരിപ്പിക്കണം. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് ഓഫീസർമാർ മെമ്പർമാരിൽ നിന്നുണ്ടാകുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്. കൂടാതെ എഴുത്തുപരീക്ഷയും, കൂടിക്കാഴ്ചയ്ക്കും മുൻപേ തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് അറിവും പരിചയവും വർദ്ധിപ്പിക്കാനുതകുന്ന പരിശീലന പരിപാടികളും, സെമിനാറുകളും നടത്തുവാനും ഈ കമ്മിറ്റിക്ക് അധികാരമുണ്ട്.

13 (*466) തൊഴിൽ തർക്കങ്ങൾക്ക് പരിഹാരം

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എളമരം കരീം :

ശ്രീമതി എൻ.കെ. രാധ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ തർക്ക പരിഹാരത്തിന് എന്തെങ്കിലും നടപടി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിന് അന്തർദേശീയ തൊഴിൽ സംഘടന എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വച്ചതായി അറിവുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(ഇ) തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് എന്തെങ്കിലും പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly